ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പ് നേരിട്ട് 15 വൃദ്ധസദനങ്ങൾ നടത്തുന്നു. വിശദ വിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള 153 സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് എന്ന വിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് നടത്തുന്ന സന്നദ്ധ സംഘടനകൾക്കും വൃദ്ധ സദനങ്ങൾക്കും ആണ് അംഗീകാരം നൽകുന്നത്. അംഗീകാരം ലഭിക്കുന്നതിനായി (ഫോറം-എ) അപേക്ഷ സമർപ്പിക്കണം. അപേക്ഷ അയയ്ക്കേണ്ട വിലാസം "മെമ്പർ സെക്രട്ടറി, സാമൂഹ്യ ക്ഷേമ അഡീഷണൽ ഡയറക്ടർ, സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം" എന്നാണ്.

(ഡി) സ്ഥാപനം സമർപ്പിക്കുന്ന അപേക്ഷ ജില്ലയുടെ ചുമതലയുള്ള ബോർഡ് മെമ്പർക്കു നൽകുന്നു. അവർ സ്ഥാപനം സന്ദർശിച്ച് റിപ്പോർട്ട് ബോർഡ് മീറ്റിംഗിൽ സമർപ്പിക്കുന്നു. 10 അന്തേവാസിയ്ക്ക് ഒരു കുളിമുറി, ഒരു കക്കൂസ്, ഒരു അന്തേവാസിയ്ക്ക് കിടക്കാൻ 24 ചതു. അടി സ്ഥലം എന്നിവ സ്ഥാപനത്തിൽ ഉണ്ടായിരിക്കണം. ബോർഡ് മെമ്പറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബോർഡ് യോഗം ചേർന്ന് അർഹരായ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നു. 7 വർഷത്തേയ്ക്കാണ് അംഗീകാരം നൽകുന്നത്. 7 വർഷം കഴിഞ്ഞാൽ അംഗീകാരം പുതുക്കണം.

(ഇ) ഓർഫനേജ് കൺട്രോൾ ബോർഡിൽ നിന്നും അംഗീകാരം ലഭിച്ചാൽ ഗ്രാന്റിന് അനുമതി ലഭിക്കുന്നതിനായി പ്രത്യേക അപേക്ഷ സർക്കാരിനു നൽകണം. സർക്കാർ അനുമതി നൽകുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 125 രൂപാ നിരക്കിൽ ഗ്രാന്റ് നൽകുന്നതാണ്.

## വനിതാ കമ്മീഷന്റെ വിമൻ ആന്റ് ചിൽഡ്രൻസ് സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ സന്ദർശനം

113 [483] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ഇ. എം. അഗസ്തി:
" കെ. എ. ചന്ദ്രൻ:
" ബി. വിജയകുമാർ:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിമൻ ആന്റ് ചിൽഡ്രൻസ് സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിൽ 2004-05-ൽ സംസ്ഥാന വനിതാ കമ്മീഷൻ അംഗങ്ങൾ സന്ദർശിച്ചിട്ടുണ്ട്;

(ബി) തിരുവനന്തപുരത്ത് തൈക്കാടുള്ള വിമൻ ആന്റ് ചിൽഡ്രൻസ് ഹോസ്പിറ്റലിൽ കമ്മീഷൻ അംഗങ്ങൾ സന്ദർശിച്ചത് എന്നാണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) രോഗികൾ പ്രസ്തുത ആശുപത്രിയിലെ ജീവനക്കാർക്കെതിരെ പരാതി ബോധിപ്പിച്ചിരുന്നോ; എങ്കിൽ കമ്മീഷൻ ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൈക്കാട് വിമൻ ആന്റ് ചിൽഡ്രൻസ് ഹോസ്പിറ്റൽ.

(ബി) 13-1-2005-ൽ

(സി) ഉണ്ട്. ഇതുസംബന്ധിച്ച കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

ഗർഭിണികൾക്കും ശിശുക്കൾക്കും പോഷകാഹാരം നൽകുന്ന പദ്ധതി

114 [484] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ബി. വിജയകുമാർ:
,, വർക്കല കഹാർ:
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗർഭിണികൾക്കും ശിശുക്കൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) പ്രതിദിനം എത്ര പേർക്ക് പ്രസ്തുത പദ്ധതിയിലൂടെ ആഹാരം നൽകുവാനാണ് പരിപാടി ഇട്ടിട്ടുള്ളത്;

(ഡി) യഥാർത്ഥ ഗുണഭോക്താക്കൾക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം കിട്ടിയതെന്ന് ഏതു വിധത്തിൽ ഉറപ്പാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1975 മുതൽ സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള 163 പ്രോജക്ടുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ 25085 അംഗൻവാടി കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. കുട്ടികൾക്ക് 300 കലോറി ഊർജ്ജവും 10 ഗ്രാം വരെ മാംസ്യവും അടങ്ങിയ ഭക്ഷണവും ഗർഭിണികൾ /പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് 500 കലോറി ഊർജ്ജവും 20 ഗ്രാം വരെ മാംസ്യവും അടങ്ങിയ ഭക്ഷണവും ഗുരുതരമായ പോഷണ ന്യൂനതയുള്ള 6 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് 600 കലോറി ഊർജ്ജവും 20 ഗ്രാംവരെ മാംസ്യവും അടങ്ങിയ ഭക്ഷണം നൽകിവരുന്നു.

(സി) പ്രതിദിനം 6 വയസ്സിൽ താഴെയുള്ള 8.37 ലക്ഷം കുട്ടികൾക്കും 1.47 ലക്ഷം ഗർഭിണികൾ/അമ്മമാർ എന്നിവർക്കാണ് ഈ പദ്ധതിയിലൂടെ പ്രയോജനം ഇപ്പോൾ ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly